(സി) അനധികൃതമായി മരം മുറിയ്ക്കുന്നതും വനവിഭവങ്ങൾ കടത്തിക്കൊണ്ട് പോകുന്നതും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അനധികൃതമായി തടികടത്തിയത് സംബന്ധിച്ച് കഴിഞ്ഞ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര വാഹനങ്ങൾ പിടിച്ചെടുത്തു;

(ഇ) വനസംരക്ഷണത്തിനായി ജനപങ്കാളിത്തത്തോടെ എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാശം വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)-(സി) ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുക, സംരക്ഷണ ജീവനക്കാർക്ക് വാഹനം, ആയുധം, വാർത്താവിനിമയോപകരണങ്ങൾ എന്നിവ ലഭ്യമാക്കുക, വനനിയമം ലംഘിക്കുന്നവർക്ക് കർശനമായ ശിക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി വനനിയമം ഭേദഗതി ചെയ്യുക, കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ വനസംരക്ഷണ ജീവനക്കാർ തുടരെ റോന്തുചുറ്റൽ നടത്തുക, വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, വനനിയമം ലംഘിക്കുന്ന കേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുക, അഗ്നിപ്രതിരോധം കാര്യക്ഷമമാക്കുന്നതിനായി അഗ്നിശമന ഉപകരണങ്ങൾ വാങ്ങി നൽകുക, വനപാലകർക്ക് വനശാസ്ത്രസംബന്ധമായ വിഷയങ്ങളിൽ വേണ്ടത്ര പരിശീലനം നൽകുക, വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ നിർമ്മിക്കുക വനാതിർത്തികൾ കാലാകാലങ്ങളിൽ തെളിച്ച് വനകൈയേറ്റം തടയുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ഡി) വാഹനങ്ങളിൽ അനധികൃതമായി തടികടത്തിയതിന് 43 കേസുകൾ രജിസ്റ്റർ ചെയ്തു, 45 വാഹനങ്ങൾ പിടിച്ചെടുത്തു.

(ഇ) ഉണ്ട്

(എഫ്) സംസ്ഥാനത്ത് വനസംരക്ഷണവും പരിപാലനവും ലക്ഷ്യമാക്കി ലോകബാങ്ക് സഹായത്തോടെ കേരള ഫോറസ്ട്രി പ്രോജക്ട് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രാദേശിക തലത്തിൽ ജനകീയ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകി ജനപങ്കാളിത്തത്തോടെ വനസംരക്ഷണപ്രവർത്തനങ്ങൾ നടത്തുക എന്നത് ഈ പദ്ധതിയുടെ ഒരു ഘടകമാണ്.

22 (*278) ജലഗതാഗതവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. എ. അലിഹസ്സൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജലഗതാഗതവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്യാൻസലേഷൻ കുറച്ച് സർവീസുകൾ കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ജലഗതാഗതവകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയ ബോട്ടുകൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ബോട്ടുസർവീസുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(എഫ്)തിരക്ക് അനുഭവപ്പെടുന്ന മേഖലകളിൽ പുതിയ ബോട്ടുസർവീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) എറണാകുളത്ത് തേവരയിലുള്ള ബോട്ട് യാർഡ് നവീകരിക്കുന്നതിനും പുതിയ സ്ളിപ്പ് വേ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. മൂന്നു പുതിയ ബോട്ടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓരോ വർഷവും പുതിയ ബോട്ടുകൾ നിർമ്മിക്കുന്നതിനും പുതിയ എഞ്ചിനുകൾ, ഗിയർ ബോക്സുകൾ ഇവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) കേടാകുന്ന ബോട്ടുകൾ അടിയന്തിരമായി റിപ്പയർ തീർത്തിറക്കി സർവീസിന് നൽകുന്നതിനാൽ ക്യാൻസലേഷൻ വളരെ കുറഞ്ഞിട്ടുണ്ട്.

(ഡി) ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയ ബോട്ടുകൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. പരീക്ഷണാർത്ഥം ഒരു സ്റ്റീൽ ബോട്ടു നിർമ്മിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. പുതിയ മൂന്നു ബോട്ടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ഇ) പയ്യന്നൂർ-കോട്ടപ്പുറം റൂട്ടിൽ മുടങ്ങികിടന്ന ജലഗതാഗതം പുനരാരംഭിച്ചു. കൂടാതെ മൂന്നു ബോട്ടുകൾ ഉപയോഗിച്ച് പറശ്ശിനി മാട്ടൂർ, പഴയങ്ങാടി റൂട്ടിൽ സർവീസുകൾ ആരംഭിച്ചുകഴിഞ്ഞു.

(എഫ്)ഉണ്ട്. കൂടുതൽ യാത്രാനിരക്ക് അനുഭവപ്പെടുന്ന വൈപ്പിൻ എറണാകുളം ഫെറിയിൽ ആറു ബോട്ടുകൾ മുടക്കം കൂടാതെ സർവീസ് നടത്തുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു.

23 (*279) വനവൽക്കരണ പദ്ധതി

ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവികസനവും വനപരിപാലനവും ലക്ഷ്യമാക്കി സർക്കാർ ആരംഭിച്ച സമഗ്രവനവൽക്കരണ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം പ്രദേശത്ത് നടപ്പിലാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly